(ജി) വിജിലൻസ് എൻക്വയറിയിൽ വന്നിട്ടുള്ള കാലതാമസത്തെപ്പറ്റി അന്വേഷിച്ച് വിവരം അറിയിക്കുമോ?

ഉത്തരം

(എ) കായംകുളത്തുള്ള ആലപ്പുഴ സ്പിന്നിംഗ് മില്ലിനുവേണ്ടി യന്ത്ര സാമഗ്രികൾ വാങ്ങിയതിലെ ക്രമക്കേടുകൾ സംബന്ധിച്ചുള്ള ആരോപണങ്ങളെപ്പറ്റി വിജിലൻസ് അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് കിട്ടി. അന്വേഷണത്തിൽ പ്രസ്തുത ആരോപണം തെളിയിക്കപ്പെടാൻ മതിയായ തെളിവുകൾ ലഭിച്ചിട്ടില്ല.

(ബി) 11.1.1993-ൽ

(സി) ഉത്തരം 'എ'യിൽ പരാമർശിച്ചിട്ടുള്ള ഒരു അന്വേഷണ റിപ്പോർട്ടുമാത്രമേ സർക്കാരിൽ ലഭിച്ചിട്ടുള്ളൂ.

(ഡി) 5.11.98-ൽ

(ഇ) ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ചെയർമാൻ ശ്രീ. ജി. സുധാകരൻ എം.എൽ.എ. ബഹു: മുഖ്യമന്ത്രിക്ക് സമർപ്പിച്ച ഒരു പരാതിയുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ നടക്കുന്ന വിജിലൻസ് അന്വേഷണത്തിന് ഉത്തരവായത്.

(എഫ്) പ്രസ്തുത മില്ലിന്റെ മുൻ ഭരണകർത്താക്കൾക്കെതിരെ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങൾ സംബന്ധിച്ചാണ് അന്വേഷണം നടന്നുവരുന്നത്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്കു മാത്രമെ അനന്തര നടപടികൾ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ.

(ജി) വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിരിക്കുന്നത് ഒന്നിലധികം ആരോപണങ്ങളാണ്. അന്വേഷണവുമായി ബന്ധപ്പെട്ട് ധാരാളം രേഖകൾ പരിശോധിക്കേണ്ടതിനാലും, ഇതുമായി ബന്ധപ്പെട്ട് അനവധി ആളുകളെ ചോദ്യംചെയ്യേണ്ടതിനാലും അന്വേഷണം പൂർത്തിയാക്കുന്നതിന് സമയം ആവശ്യമാണ്. എന്നാൽ അന്വേഷണം എത്രയും പെട്ടെന്ന് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഹാൻടെക്സിൽ നടപ്പിലാക്കിയ ശമ്പള പരിഷ്കരണത്തിലെ അപാകത

32(3113)ശ്രീ. എം.മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാൻടെക്സിൽ 1.1.94 മുതൽ നടപ്പാക്കിയ ശമ്പള പരിഷ്കരണത്തിലെ അപാകത സംബന്ധിച്ച് സഹകരണ നിയമം 87-ാം വകുപ്പ് പ്രകാരം ഗാർമെന്റ്സ് മാനേജർ സർക്കാരിൽ പരാതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ 29.9.99-ൽ ജി.ഒ. 960/99/വ്യവ.വകുപ്പ് എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ ഉത്തരവിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽ ഉത്തരവിൽ പരാതിക്കാരന്, ഹാൻടെക്സ് അനുവദിച്ച ശമ്പള സ്കെയിൽ കുറഞ്ഞതും നീതിക്ക് നിരക്കാത്തതുമായതിനാൽ റദ്ദ് ചെയ്തിട്ടുണ്ടോ;

(ഡി) സർക്കാർ ഉത്തരവിനെതിരെ ഹാൻടെക്സ് ഹൈക്കോടതിയിൽ അപ്പീൽ പോയിട്ടുണ്ടോ; എങ്കിൽ എന്തായിരുന്നു കോടതി വിധിയെന്ന് വ്യക്തമാക്കുമോ?

(ഇ) കോടതി വിധിക്ക് സമയപരിധി ഉണ്ടായിരുന്നുവോ; എങ്കിൽ സർക്കാർ ഉത്തരവ് സമയപരിധിക്കുള്ളിൽ നടപ്പാക്കാൻ ഹാൻടെക്സ് ബാധ്യസ്ഥനല്ലേ;

(എഫ്) സർക്കാർ ഉത്തരവിൻപ്രകാരം പരാതിക്കാരന് നീതി ലഭ്യമാക്കുന്നതിനുവേണ്ടി 3400-5000 ശമ്പളസ്കെയിൽ എത്രയും വേഗം നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഗാർമെന്റ്സ് മാനേജരുടെ ശമ്പളസ്കെയിൽ സംബന്ധിച്ച് എടുത്ത തീരുമാനം റദ്ദു ചെയ്യണമെന്നും ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് ഹാന്റെക്സിന്റെ ഡയറക്ടർ ബോർഡിന്റെ മുമ്പാകെ സമർപ്പിക്കണമെന്നും ഹാൻടെക്സ് എം.ഡിക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

(ഡി) സർക്കാർ ഉത്തരവിനെതിരെ ഹാന്റക്സ് ഹൈക്കോടതിയിൽ അപ്പീൽ നൽകിയിട്ടില്ല എന്നാണ് അറിയുന്നത്.

(ഇ) ഉത്തരം 'ഡി'യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(എഫ്) പ്രശ്നം അടുത്ത ഹാൻടെക്സ് ഭരണസമിതി യോഗത്തിൽ സമർപ്പിക്കുന്നതാണെന്ന് ഹാൻടെക്സ് എം.ഡി. അറിയിച്ചിട്ടുണ്ട്.

**കോട്ടയം ടെക്സ്റ്റയിൽസിലെ കാഷ്വൽ തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ**

33 (3114)ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിലുള്ള ടെക്സ്റ്റയിൽ മില്ലുകളിലെ 8.33% ബോണസ് വാങ്ങിക്കുന്ന എല്ലാ തൊഴിലാളികൾക്കും അറ്റൻഡൻസ് ഇൻസെന്റീവ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly